**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - വയനാട് ജില്ലയിലെ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായ ശ്രീ. പി.പി.സണ്ണിയുടെ ചെറുകഥാ സമാഹാരം പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ. (സാധാ) നം.934/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 03/05/2019**

---

പരാമർശം: പഞ്ചായത്ത് ഡയറക്ടറുടെ 08.11.2018 ലെ ഇ 10-16773/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായ ശ്രീ പി.പി.സണ്ണിയുടെ ചെറുകഥാ സമാഹാരം പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുള്ള പ്രസാധകരുടെ വിശദാംശം, വില എന്നിവയും ചെറുകഥാ സമാഹാരത്തിന്റെ പകർപ്പും പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് മേൽ പരാമർശം പ്രകാരം സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. വയനാട് ജില്ലയിലെ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. പി.പി.സണ്ണിയ്ക്ക് കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960-ലെ ചട്ടം 48ന്റെ ഒന്നാം പ്രൊവിസോ പ്രകാരവും ചട്ടം 62, 63 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും യാതൊരു പ്രതിഫലവും കൈപ്പറ്റാൻ പാടില്ലെന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് ഭംഗം വരുത്താൻ പാടില്ലെന്നും സർക്കാരിനെയോ സർക്കാർ നയങ്ങളെയോ ഏതെങ്കിലും തരത്തിൽ വിമർശിയ്ക്കാൻ പാടില്ലെന്നുമുള്ള വ്യവസ്ഥയിൽ ചെറുകഥാ സമാഹാരം പ്രസിദ്ധീകരിക്കുന്നതിന് സോപാധിക അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. സർക്കാർ നിർദ്ദേശിയ്ക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലാത്തതുമാകുന്നു. ഈ വ്യവസ്ഥകളിൽ എന്തെങ്കിലും വീഴ്ച വരുത്തുന്ന പക്ഷം ബന്ധപ്പെട്ട മേലധികാരി ടിയാനെതിരെ അച്ചടക്ക നടപടികൾ സ്വീകരിയ്ക്കേണ്ടതും തുടർന്ന് ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അനുമതി പിൻവലിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്, വയനാട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ശ്രീ. പി.പി.സണ്ണി, ഓഫീസ് അറ്റൻഡന്റ്, പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്, വയനാട്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)

ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഫയൽ നം. ഇപിഎ 2/240/2018-തസ്വഭവ )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ